LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ആരെയും നിയമിച്ചിട്ടില്ലെന്നു പറയുന്നതു് ശരിയല്ല ബഹുമാനപ്പെട്ട മെമ്പറുടെ ലെറ്റർ കിട്ടിയശേഷം ഞാൻ അതിനെപ്പറ്റി അന്വേഷിക്കുകയുണ്ടായി. തിട്ടമായി എത്രപേരെ നിയമിച്ചുവെന്നു പറയാൻ ഇപ്പോൾ കഴിയുകയില്ലെങ്കിലും, ആരെയും നിയമിച്ചിട്ടില്ലെന്നതു ശരിയല്ല.

ശ്രീ. ടി. ചന്ദ്രശേഖരൻനായർ: ട്രാൻസ്പോർട്ട് കോർപ്പറേഷൻ മുൻപു നടത്തിയ ടെസ്റ്റിൽ ഇനിയും ജോലികിട്ടാത്തവർക്കു് ജോലി നൽകുന്ന കാര്യം പ്രത്യേകം പരിഗണിക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പ്രത്യേകം വിവരം തന്നാൽ പരിശോധിച്ചു പറയാം.

ശ്രീ. എൻ. കെ. ശേഷൻ: മറ്റു ജില്ലകളിൽനിന്നു് തിരുവനന്തപുരത്തേയ്ക്കുവന്നു് ഇവിടെ ജോലിചേയ്തുകൊണ്ടിരിക്കുന്ന ജീവനക്കാർക്കു്, അവരവരുടെ ജില്ലയിൽ ഒഴിവുണ്ടാകുമ്പോൾ അങ്ങോട്ടു തിരിച്ചു് മാറ്റം നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഒഴിവുണ്ടാകുമ്പോൾ അങ്ങനെ നിയമിച്ചുകൊണ്ടിരിക്കുകയാണു്; ആവശ്യമനുസരിച്ചു് അങ്ങനെ ചെയ്യാറുണ്ടു്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ചോദ്യവുമായി ബന്ധമില്ലാത്ത കാര്യങ്ങളാണു് ഇന്നും ചോദിക്കുന്നതു്.

മി. സ്പീക്കർ: ആർഡർ, ആർഡർ, അടുത്ത ചോദ്യം: നമ്പർ 413. ഇതിനു് 7–8–69–ൽ ഉത്തരം പറഞ്ഞതാണു്.

ശ്രീ. കെ. കരുണാകരൻ: (സി) ക്കു് ഉത്തരം പറഞ്ഞിട്ടില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: (സി) ക്കും ഉത്തരം പറഞ്ഞിട്ടുണ്ടു്. 7–8–69–ൽ വിശദമായി ഉത്തരം പറഞ്ഞു.

വ്യവസായ വായ്പ

‡ * 115. [414] ശ്രീ. സി. കെ. ബാലകൃഷ്ണൻ
,, ഈ. ബാലാനന്ദൻ
} താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വ്യവസായസ്ഥാപനങ്ങൾക്കു് ബാങ്കുകളിൽനിന്നു് വായ്പയെടുക്കാൻ ഗ്യാരന്റി നൽകുകയുണ്ടായി;

(ബി) കോട്ടയം, ഇലക്ട്രോ–കെമിക്കൽസിനു് ഗ്യാരണ്ടി കൊടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ സാമ്പത്തികവും വ്യാവസായികവുമായ നില അപകടത്തിലാണെന്നു് വ്യവസായവകുപ്പു സെക്രട്ടറിയും, ധനകാര്യവകുപ്പു സെക്രട്ടറിയും റിപ്പോർട്ടു ചെയ്തിരുന്നോ;

(ഡി) വ്യവസായവകുപ്പുമന്ത്രിയും, ധനകാര്യവകുപ്പുമന്ത്രിയും സെക്രട്ടറിമാരുടെ അഭിപ്രായത്തെ ഓവർ റൂൾ ചെയ്തുകൊണ്ടാണോ ഗ്യാരൻറി കൊടുക്കാൻ ഉത്തരവിട്ടിട്ടുള്ളതു്?

† Question put by Shri V. V. Dakshinamurthi.

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഈ ഗവണ്മെന്റ് ഗ്യാരന്റി നൽകിയിട്ടുള്ള വ്യവസായസ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. എം. രാമുണ്ണി: ഇങ്ങനെ ഗ്യാരന്റി കൊടുക്കുന്നതു സംബന്ധിച്ച് ഗവണ്മെന്റ് അംഗീകരിച്ച എന്തെങ്കിലും വ്യക്തമായ നടപടിക്രമങ്ങളുണ്ടോ? ഏതെങ്കിലും പ്രത്യേകതരം സ്ഥാപനങ്ങൾക്കേ കൊടുക്കാവൂ എന്നുണ്ടോ?

ശ്രീ ടി. വി. തോമസ്: സെക്യൂരിറ്റി ഉണ്ടായിരിക്കണം. റീപ്പേമെന്റ് കപ്പാസിറ്റിയുമുണ്ടായിരിക്കണം; ക്യാബിനറ്റ് ആലോചിച്ച് തീരുമാനമെടുക്കണം.

ശ്രീ. എം. രാമുണ്ണി: അറുനൂറിൽപ്പരം തൊഴിലാളികൾ ജോലിചെയ്യുന്ന ഒരു സ്ഥാപനം സാമ്പത്തികശേഷിയില്ലാതെ പൂട്ടിയിടുകയാണെങ്കിൽ അതു തൊഴിലാളികൾ ഏറ്റെടുത്തു നടത്തുന്നതിനുവേണ്ടി ഗ്യാരന്റി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസ്: ഏതു സ്ഥാപനമാണെന്നറിഞ്ഞാൽ പറയാം.

ശ്രീ. എം. രാമുണ്ണി: ഫറോക്കിൽ ചെറുവണ്ണൂരിലുള്ള മധുര കമ്പനിയുടെ വകയായ ടൈൽ ഫാക്ടറി തൊഴിലാളികൾ ഏറ്റെടുത്തു നടത്തുന്നതിനായി ഗ്യാരന്റി നൽകുവാൻ ഗവണ്മെന്റിനെ സമീപിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഈ ഫാക്ടറി അങ്ങനെ നടത്താനാവശ്യമായ ഗ്യാരന്റി നൽകുന്ന കാര്യം പരിഗണിക്കാമോ?

ശ്രീ. ടി. വി. തോമസ്: അങ്ങനെയൊരു ഫാക്ടറി ഗ്യാരന്റി ചോദിച്ചിട്ടില്ല.

ശ്രീ. ഇ. അഹമ്മദ്: ചെറുകിടവ്യവസായസ്ഥാപനങ്ങൾക്കും ഇടത്തരം വ്യവസായസ്ഥാപനങ്ങൾക്കും പ്രത്യേക പരിഗണന നൽകുവാൻ തയ്യാറാകുമോ?

ശ്രീ. ടി. വി. തോമസ്: ഗ്യാരന്റി കൊടുക്കുന്നതു സെക്യൂരിറ്റിയും റീപ്പേമെന്റ് കപ്പാസിറ്റിയും നോക്കിയാണ്. അതില്ലാത്ത സ്ഥാപനങ്ങൾക്ക് കൊടുക്കുകയില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: ചെറുവണ്ണൂരെ ഫാക്ടറിക്ക് ഗ്യാരന്റി കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. വി. തോമസ്: ചോദിക്കാത്തവർക്ക് കൊടുക്കാമെന്നു പറയേണ്ട ആവശ്യമുണ്ടോ?

Dry Cell Factory

* 116. [415] ശ്രീ. എൻ. കെ. ശേഷൻ: താഴെ കാണുന്ന ചോദ്യത്തിനു വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ തുടങ്ങാനുദ്ദേശിക്കുന്ന Dry Cell Factory എന്നു തുടങ്ങുമെന്നു പറയാമോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്): കേന്ദ്രഗവണ്മെന്റിന്റെ അനുമതി കിട്ടിക്കഴിഞ്ഞ സ്ഥിതിക്ക് വലിയ താമസം ഉണ്ടാവുകയില്ല.

---

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

(Answer to Starred Question No. 414 dated 18-8-1969)

വ്യവസായവായ്പയ്ക്കു ഗവണ്മെന്റു ഗ്യാരന്റി നൽകിയിട്ടുള്ള വ്യവസായസ്ഥാപനങ്ങൾ

1. ചക്കോള സ്പിന്നിംഗ് ആൻറു് വീവിംഗ് മിൽസു് ലിമിറ്റഡു്, കളമശ്ശേരി.
2. മെസ്സേർസു് ഒ. വക്കൻ ആൻറു് സൺസു്, ആലപ്പുഴ.
3. ടാപ്പൻക്കർ ഇലക്ട്രോ കെമിക്കൽസു് ഇൻഡസ്ട്രീസു് ലിമിറ്റഡു്, ചിങ്ങവനം.
4. കേരളാ ഫിനാൻസു് കോർപ്പറേഷൻ ലിമിറ്റഡു്, എറണാകുളം.
5. കേരളാ സ്റ്റേറ്റു് ഇൻഡസ്ട്രിയൽ ഡവലപ്പുമെൻറു് കോർപ്പറേഷൻ.
6. മന്നം ഷുഗർ മിൽസു് കോ ഓപ്പറേറ്റീവു് സൊസൈറ്റി, പന്തളം.
7. സ്റ്റാൻഡേർഡു് ബ്രൊറൽ ആൻറു് ക്ലേ വർക്കുസു് ലിമിറ്റഡു്, ഫറോക്കു്.
8. കേരളാ സ്റ്റേറ്റു് ഹാൻഡ്ലൂം വീവേഴ്സു് കോ ഓപ്പറേറ്റീവു സൊസൈറ്റി.
9. ഹാൻഡ്ലൂം വീവേഴ്സു് സൊസൈറ്റീസു് ലിമിറ്റഡു്.
10. കേരളാ സോപ്പ്സു് ആൻറു് ഓയിൽസു് ലിമിറ്റഡു്, കോഴിക്കോടു്.
11. കോ ഓപ്പറേറ്റീവു് ഷുഗേഴ്സു് ലിമിറ്റഡു്, ചിറ്റൂർ.
12. കേരളാ സ്റ്റേറ്റു് സ്മാൾ ഇൻഡസ്ട്രീസു് കോർപ്പറേഷൻ.
13. കേരളാ സെറാമിക്സു് ലിമിറ്റഡു്, കണ്ണൂർ.

(ഒപ്പു്)
സുപ്രണ്ടു്

LIBRARY ARCHIVES Kerala Legislative Assembly